പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 166 06.01.2014 ൽ മറുപടിക്ക്

# കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കമ്പനി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കമ്പനിയുടെ ഓതറൈസ്ഡ് ഷെയർ ക്യാപിറ്റൽ, 31.12.2013 വരെയുള്ള പെയ്ഡ്അപ് ക്യാപിറ്റൽ എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കമ്പനിയുടെ ഓതറൈസ്ഡ് ഷെയർ ക്യാപിറ്റലും പെയ്ഡ് അപ് ക്യാപിറ്റലും, 31.12.2013 വരെ യഥാക്രമം ആയിരം കോടിയും ഇരുന്നൂറ്റി മുപ്പത്തിമൂന്ന് കോടി മുപ്പത്തി ആറ് ലക്ഷത്തി രണ്ടായിരത്തി നാനൂറ് കോടി രൂപയുമാണ്. |
| (ബി) | ഒരു സ്വകാര്യവ്യക്തിക്കോ സ്വകാര്യകമ്പനിക്കോ എയർപോർട്ട് കമ്പനി നൽകുന്ന പരമാവധി ഷെയർ തുക എത്രയാണ്; | (ബി) | ഒരു സ്വകാര്യ വ്യക്തിക്കോ സ്വകാര്യ കമ്പനിക്കോ വിമാനത്താവള കമ്പനി നൽകുന്ന പരമാവധി ഷെയർ എത്രവരെയാകാമെന്ന് നിജപ്പെടുത്തിയിട്ടില്ല. എടുക്കേണ്ട ഏറ്റവും ചുരുങ്ങിയ ഷെയർ നൂറു രൂപയുടെ അഞ്ഞൂറു ഷെയറും, അതിന്റെ മേലോട്ട് നൂറിന്റെ ഗുണനങ്ങളുമാണ്. |
| (സി) | സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും ഇതിനകം കമ്പനിയിൽ എന്ത് തുകയുടെ വീതം ഷെയറുകൾ എടുത്തിട്ടുണ്ട്; ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ, എത്ര തുക വീതം; വ്യക്തമാക്കാമോ; | (സി) | സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും കൂടി ഇതിനകം 1,60,15,00,000 (നൂറ്റി എൺപത് കോടി പതിനഞ്ച് ലക്ഷം) രൂപയുടെ ഷെയറുകൾ എടുത്തിട്ടുണ്ട്. സർക്കാരിന്റെ ഓഹരി സ്ഥലമായിട്ടാണ് നൽകുന്നത്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു. |

| പേര് | ഓഹരിയുടെ എണ്ണം | സംഖ്യ |
|---|---|---|
| 1. കേരള സർക്കാർ | 1,30,01,000 | 1,3001,00,000 |
| 2. കേരള മിനറൽ & മെറ്റൽസ് ലിമിറ്റഡ് | 5,00,000 | 5,00,00,000 |

| | | |
|---|---|---|
| 3. കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് & മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ് | 5,00,000 | 5,00,00,000 |
| 4. കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 10,000 | 10,00,000 |
| 5. കെ.ടി.ഡി.സി ഹോട്ടൽ & റിസോർട്സ് ലിമിറ്റഡ് | 4000 | 4,00,000 |
| 6. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് | 1,70,00,000 ഷെയറുകൾ അനുവദിച്ചു | 40,00,00,000 രൂപയാണ് ഇതുവരെ അടച്ചിട്ടുളളത്. |

| | | | |
|---|---|---|---|
| (ഡി) | ഒരു കോടി രൂപയിൽ കൂടുതൽ വരുന്ന ഷെയറുകൾക്ക്വേണ്ടി എയർപോർട്ട് കമ്പനിയിൽ അപേക്ഷ നൽകിയ വ്യക്തികളും സ്വകാര്യകമ്പനികളും എത്ര; ഇതിൽ ആർക്കെല്ലാം എന്തുതുകവീതം ഉളള ഷെയറുകൾ അനുവദിക്കുകയുണ്ടായി; | (ഡി) | 2010-11 വർഷത്തിൽ മൂന്ന് വ്യക്തികളാണ് ഒരു ലക്ഷത്തിനുമുകളിൽ ഷെയറിനായി (ഒരു കോടി രൂപയിൽ കൂടുതൽ) അപേക്ഷിച്ചിട്ടുളളത്. എന്നാൽ ചില സാങ്കേതികവും നിയമപരവുമായ പ്രശ്നങ്ങൾമൂലം ഈ അപേക്ഷകൾ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം തിരിച്ചയക്കുകയുണ്ടായി. ആയതിനാൽ ഒരു കോടിയോ അതിൽ കൂടുതലോ രൂപ വരുന്ന ഓഹരികൾ ഒരു സ്വകാര്യ വ്യക്തിക്കും അനുവദിച്ചിട്ടില്ല. |
| (ഇ) | 25% തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ്സഹിതം 2011 ജനുവരി 31 വരെ മൊത്തം എത്രപേരുടെ, എത്ര തുകയ്ക്കുളള ഷെയറുകൾക്ക് അപേക്ഷലഭിച്ചിട്ടുണ്ടായിരുന്നു; അവർക്കെല്ലാം ഷെയറുകൾ അനുവദിച്ചിട്ടുണ്ടോ; | (ഇ) | 25% തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം 2011 ജനുവരി 31 വരെ 43,15,44,693,56 (നാൽപത്തി മൂന്ന് കോടി പതിനഞ്ച് ലക്ഷത്തി നാൽപത്തി നാലായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ അമ്പത്തി ആറ് പൈസ) രൂപയ്ക്കുളള 5934 അപേക്ഷകളാണ് കമ്പനിയ്ക്ക് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചത്. എന്നാൽ ഏകദേശം 6000 പേർക്ക് ഓഹരി അനുവദിക്കുന്നതിൽ ചില സാങ്കേതികവും നിയമപരവുമായ പ്രശ്നങ്ങൾ വന്നതിനാൽ ഈ അപേക്ഷകൾ എല്ലാം തന്നെ ഡിമാന്റ് |

| | | | |
|---|---|---|---|
| | | | ഡ്രാഫ്റ്റ് സഹിതം തിരിച്ചയക്കുകയാണ് ചെയ്തിട്ടുള്ളത്. |
| (എഫ്) | കമ്പനിയുടെ ഷെയറുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ഒടുവിൽ സ്വീകരിച്ച പൊതുമാന ദണ്ഡം എന്താണ്; വിശദമാക്കാമോ? | (എഫ്) | കമ്പനിയുടെ ഷെയറുകൾ അനുവദിക്കുന്നതിനായി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രമോഷൻ സൊസൈറ്റി (കിയാപ്സ്) എന്ന പേരിൽ കണ്ണൂർ വിമാനത്താവള പദ്ധതിക്കായി മൂലധന സമാഹരണവും, പൊതുജന പങ്കാളിത്തവും മറ്റു സംവിധാനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ചു. കണ്ണൂർ വിമാനത്താവള കമ്പനിയുടെ ഓഹരികൾ കിയാപ്സ് വാങ്ങിക്കുകയും ആയത് താൽപര്യമുള്ളവർക്ക് അതേ വിലയ്ക്ക് കിയാപ്സ് വിൽക്കുകയുമാണ് ചെയ്തുവരുന്നത്. കിയാപ്സിന് ഷെയർ അനുവദിച്ചിരുന്നത് താഴെ പറയുന്ന നിബന്ധനകൾ പ്രകാരമാണ്.<br>1.ഏറ്റവും ചുരുങ്ങിയ ഓഹരിക്കുള്ള അപേക്ഷ നൂറു രൂപ പ്രകാരമുള്ള അഞ്ഞൂറു ഷെയറും, അതിന്റെ മുകളിൽ നൂറിന്റെ ഗുണനങ്ങളിലുമാണ് അപേക്ഷിക്കേണ്ടത്.<br>2.ഓഹരികൾ മുഴുവൻ സംഖ്യയും ഒറ്റത്തവണയായി അടക്കാവുന്നതാണ്. അല്ലെങ്കിൽ, സംഖ്യയുടെ 10% തുക ആദ്യതവണയായും ബാക്കി വരുന്ന സംഖ്യ കമ്പനി ആവശ്യപ്പെടുമ്പോഴും നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ